**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2695** **28-10-2026-ൽ മറുപടിയ്ക്ക്**

**ജലസേചന സംവിധാനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സുധാകരൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** നദികളും തോടുകളും ചാലുകളും കൊണ്ട് ജല സമൃദ്ധമായ കാർഷിക മേഖലയിൽ കൃഷിയുടെ അഭിവൃദ്ധിയ്ക്കും കൃഷിക്കാരുടെ വിളകൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും കൃഷിക്കാരുടെ സഞ്ചാരത്തിനും വേണ്ടി ആവശ്യമായ ഫാം റോഡുകളും ബണ്ടുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് ജലസേചന വകുപ്പ് പ്രാധാന്യം നൽകുന്നുണ്ടോ;

**മറുപടി:** നദികൾ, തോടുകൾ, ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളാൽ സമ്പന്നമായ കാർഷിക മേഖലകളിൽ കൃഷിയുടെ അഭിവൃദ്ധിക്കും കർഷകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കർഷകർക്കും തൊഴിലാളികൾക്കും കൃഷിയിടങ്ങളിലേക്ക് സുഗമമായി എത്തിച്ചേരുന്നതിനും കാർഷിക ഉപകരണങ്ങൾ, വിത്തുകൾ, വളങ്ങൾ തുടങ്ങിയവ കൃഷിയിടങ്ങളിലേക്ക് എത്തിക്കുന്നതിനും വിളവെടുപ്പിനുശേഷം കാർഷിക ഉൽപ്പന്നങ്ങൾ പുറത്തേക്ക് കൊണ്ടുപോകുന്നതിനും സഹായകമായ ട്രാക്ടർ റാമ്പുകൾ, ട്രാക്ടർ പാസേജുകൾ, ഫാം റോഡുകൾ, ട്രാക്ടർ ബ്രിഡ്ജുകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിലവിലെ പ്ലാൻ, നോൺ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ, തോടുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് ആഴവും വീതിയും വർദ്ധിപ്പിക്കുന്ന പ്രവൃത്തികളിൽ ലഭിക്കുന്ന എക്കലും മണ്ണും ഉപയോഗിച്ച് സമീപത്തെ ബണ്ട് റോഡുകൾ ബലപ്പെടുത്തുന്ന പ്രവൃത്തികളും നിലവിലെ പ്ലാൻ, നോൺ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

**(ബി)** തോടുകളിലെയും ചാലുകളിലെയും ചെളിനീക്കി ബണ്ടിലിട്ട് ആഴംകൂട്ടി നീരൊഴുക്ക് സുഗമമാക്കുന്നതിനായി കാർഷിക മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഇതിനായി നബാർഡിൽനിന്നും പ്രത്യേക ധനസഹായങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ; ആയതിനുള്ള ഫണ്ട് ലഭ്യമാകുന്നുണ്ടോ?

**മറുപടി:** കൃഷിക്കാരുടെ വിളകൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും അവരുടെ സഞ്ചാരത്തിനും വേണ്ടി ഫാം റോഡുകളും ബണ്ടുകളും നിർമ്മിക്കുന്നതിന് മാത്രമായി നബാർഡിൽ നിന്നും പ്രത്യേക ധനസഹായം ആവശ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും നിലവിൽ നബാർഡിന്റെ ധനസഹായത്തോടെ

നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കാർഷിക മേഖലയിലെ ആവശ്യങ്ങൾ അനുസരിച്ച് മേൽവിവരിച്ച തരത്തിലുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. കൂടാതെ നബാർഡ് - ആർഐഡിഎഫ് ടാബ്ലെ XXXII –ൽ ഉൾപ്പെടുത്തുവാനുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകളിലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**